LIBRARY ARCHIVES Kerala Legislative Assembly

## കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനം

173(5332) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നഷ്ടം, ചാർജ് വർദ്ധിപ്പിക്കാതെതന്നെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2016-17 സാമ്പത്തിക വർഷത്തിൽ 1494.67 കോടി രൂപയായിരുന്ന കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ നഷ്ടം, കാര്യക്ഷമമായ പ്രവർത്തനംമൂലം 269.56 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ, റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള മുൻവർഷങ്ങളിലെ റവന്യൂ ഗ്യാപ്പ്, താരിഫ് ഷോക്ക് ഒഴിവാക്കാൻവേണ്ടി പിൽക്കാലങ്ങളിലേയ്ക്ക് മാറ്റിവയ്ക്കപ്പെട്ടത് 6864.13 കോടി രൂപ വരും (2017-18 സാമ്പത്തിക വർഷം വരെ അംഗീകരിക്കപ്പെട്ട ട്രൂയിംഗ് അപ്പ് ഉത്തരവുകൾ പ്രകാരം). ഈ തുക അനിയന്ത്രിതമായി വർദ്ധിച്ചുവരുന്നതിനാലും, ഓരോ സാമ്പത്തിക വർഷത്തിലെയും ചെലവുകൾ കണ്ടെത്തേണ്ടതിനാലും രണ്ടുതവണ (18-4-2017-ലും 8-7-2019-ലും) താരിഫ് പരിഷ്കരിക്കേണ്ടത് അനിവാര്യമായിത്തീർന്നു.

(ബി) ആവർത്തിച്ചുണ്ടായ പ്രകൃതി ദുരന്തങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വരുത്തിയ ബാദ്ധ്യത എത്രയായിരുന്നു?

ഓഖി ദുരന്തത്തിൽ കെ.എസ്.ഇ.ബി.എൽ-ന് വിതരണ മേഖലയിൽ സംഭവിച്ച നാശനഷ്ടം 46.11 കോടി രൂപയായി കണക്കാക്കിയിരുന്നു. 2018-ലെ പ്രളയത്തിൽ 242.45 കോടി രൂപയുടെയും 2019-ലെ പ്രളയത്തിൽ 243.05 കോടി രൂപയുടെയും നാശനഷ്ടങ്ങൾ വിതരണമേഖലയിൽ വിലയിരുത്തിയിരുന്നു. 2020 ഓഗസ്റ്റ് മാസത്തിൽ മൺസൂണിന്റെ ഭാഗമായുണ്ടായ കാറ്റിലും മഴയിലും 86.18 കോടി രൂപയുടെയും 2021 മെയ് മാസത്തിൽ ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായുണ്ടായ കാറ്റിലും മഴയിലും 46.65 കോടി രൂപയുടെയും നഷ്ടം വിതരണ മേഖലയിൽ കണക്കാക്കിയിട്ടുണ്ട്.

(സി) വാണിജ്യ ഉപഭോക്താക്കളുടെയും വൻകിട ഉപഭോക്താക്കളുടെയും കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടിയുണ്ടാകുമോ; നിലവിലെ ആകെ കുടിശ്ശിക എത്രയെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകിയുമാണ് സാധാരണയായി കെ.എസ്.ഇ.ബി.എൽ കുടിശ്ശിക തുക ഈടാക്കി വന്നിരുന്നത്. കാലാകാലങ്ങളിൽ കെ.എസ്.ഇ.ആർ.സി.-യുടെ അനുമതിയോടുകൂടി കെ.എസ്.ഇ.ബി.എൽ രണ്ടുവർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശിക, കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും ഈടാക്കുവാനും നടപടി സ്വീകരിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരിമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് സർക്കാർ നിർദ്ദേശപ്രകാരം നിലവിൽ വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത വാണിജ്യ ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കളുടെയും വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവച്ചിട്ടുണ്ട്. തത്ഫലമായി കെ.എസ്.ഇ.ബി.എൽ-ന് പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്. കുടിശ്ശിക പിരിച്ചെടുക്കാൻ തവണകൾ അനുവദിച്ചും സെക്ഷൻതലത്തിൽ, ഉപഭോക്താക്കളോട് നേരിട്ട് ഫോൺവഴി അഭ്യർത്ഥിച്ചും കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസരണ-വിതരണ നഷ്ടം കുറച്ചുകൊണ്ടുവരാൻ 2016 മുതൽ നടത്തിയ ശ്രമത്തിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തിക നേട്ടം എത്രയെന്നറിയിക്കാമോ?

2015-16 സാമ്പത്തിക വർഷത്തിൽ, പ്രസരണ-വിതരണ നഷ്ടം 14.37% ആയിരുന്നത്, 2019-20 ആയപ്പോഴേയ്ക്കും 12.08% ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം, പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി വൈദ്യുതി വാങ്ങൽ ചെലവിൽ 663.30 കോടി രൂപ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

## ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടി വരുന്ന ജീവനക്കാർക്ക് ഇൻഷ്വറൻസ്

174(5333) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് ലൈനിൽ ജോലി ചെയ്യേണ്ടിവരുന്ന ജീവനക്കാർക്ക് കെ.എസ്.ഇ.ബി. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?